2023
JUNE
28
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## മധ്യപ്രദേശിൽ 5 വന്ദേഭാരത് ഫ്ളാഗ് ഓഫ് ചെയ്ത് പ്രധാനമന്ത്രി

**ഭോപാൽ :** മധ്യപ്രദേശിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 5 വന്ദേഭാരത് ട്രെയിനുകൾ ഉദ്ഘാടനം ചെയ്തു. ഭോപാൽ ഇൻഡോർ, ഭോപാൽ ജബൽപുർ എന്നിവയുടെ ഫ്ലാഗ് ഓഫ് മധ്യപ്രദേശിൽ നേരിട്ടാണു നിർവഹിച്ചത്. റാഞ്ചി പട്ന, ധാർവാഡ്ബെംഗളൂരു, ഗോവമുംബൈ ട്രെയിനുകൾ വിഡിയോ കോൺഫറൻസിങ് വഴി നാടിനു സമർപ്പിച്ചു.

ഈ ട്രെയിനുകൾ മധ്യപ്രദേശ്, കർണാടക, മഹാരാഷ്ട്ര, ഗോവ, ബിഹാർ, ജാർഖണ്ഡ് സംസ്ഥാനങ്ങളിലെ കണക്ടിവിറ്റി മെച്ചപ്പെടുത്തും മോദി ട്വീറ്റ് ചെയ്തു. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്, മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ, കേന്ദ്രമന്ത്രിമാരായ നരേന്ദ്ര സിങ് തോമർ, ജ്യോതിരാദിത്യ സിന്ധ്യ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

രാവിലെ ഭോപാൽ വിമാനത്താവളത്തിൽ എത്തിയ മോദി, റാണി കമലാപതി റെയിൽവേ സ്റ്റേഷനിലേക്ക് ഹെലികോപ്റ്ററിൽ പോകാനായിരുന്നു നിശ്ചയിച്ചിരുന്നത്. മോശം കാലാവസ്ഥയെ തുടർന്ന് പ്രധാനമന്ത്രി റോഡ് മാർഗമാണു യാത്ര ചെയ്തതെന്നു സംസ്ഥാന ബിജെപി മീഡിയ ഇൻ ചാർജ് ആശിഷ് അഗർവാൾ പറഞ്ഞു. ഈ ചടങ്ങിനുശേഷം, ബൂത്തുതലത്തിലുള്ള 10 ലക്ഷം ബിജെപി പ്രവർത്തകരെ ഓൺലൈനായി മോദി അഭിസംബോധന ചെയ്തു.

ദേശീയ അരിവാൾകോശ രോഗ നിർമാർജന ദൗത്യത്തിന് പ്രധാനമന്ത്രി തുടക്കമിടും. ഷാഡോൾ ജില്ലയിലെ പക്കാരിയ ഗ്രാമം സന്ദർശിച്ച് ആളുകളുമായി സംവദിക്കും. സംസ്ഥാനത്തുടനീളമുള്ള 3.57 കോടി ഗുണഭോക്താക്കളുടെ ആയുഷ്മാൻ കാർഡുകളുടെ വിതരണോദ്ഘാടനവും നിർവഹിക്കും. പക്കാരിയ ഗ്രാമത്തിലെ സാംസ്കാരിക പരിപാടികൾക്കു ശേഷം മോദി അവിടെ അത്താഴം കഴിക്കുമെന്നും പ്രധാനമന്ത്രിയുടെ ഓഫിസ് അറിയിച്ചു

## ഡാനിഷ് ബാങ്കുമായി പുതിയ കരാറിൽ ഇൻഫോസിസ്




**മുംബൈ:** ഡാൻസ്കെ (ഡാനിഷ് ബാങ്ക്) ബാങ്കുമായി 454 ദശലക്ഷം ഡോളറിന്റെ കരാറിലേർപ്പെട്ട് ഇൻഫോസിസ്. കരാർ പ്രകാരം ഇന്ത്യയിലെ ബാങ്കിന്റെ കീഴിലുള്ള ഐടി സെന്റർ ഇൻഫോസിസ് ഏറ്റെടുക്കും. 1400 പരിചയസമ്പന്നരായ ജീവനക്കാരാണ് നിലവിൽ കമ്പനിയിലുള്ളത്. ഡിജിറ്റൽ ബാങ്കിങ് രംഗത്ത് കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാനുള്ള നീക്കത്തിന്റെ ഭാഗമായാണ് പുതിയ കരാറെന്നും ഡാൻസ്കെ ബാങ്ക് അറിയിച്ചു.

അഞ്ചു വർഷത്തേക്കാണ് ഇരു കമ്പനികളും ചേർന്നു പ്രവർത്തിക്കാനുള്ള ധാരണയിലെത്തിയത്. ഈ കാലയളവ് ആവശ്യമെങ്കിൽ ഒരു വർഷം വീതം മൂന്നു തവണ നീട്ടാമെന്നും കരാറിൽ പറയുന്നു. ഡാൻസ്കെ ബാങ്കിന്റെ 100 ശതമാനം ഓഹരിയും നിലവിൽ ഇൻഫോസിസിന്റെ കയ്യിലാണ്.

ഏകദേശം 16 കോടി ഇന്ത്യൻ രൂപയ്ക്കാണ് ഇടപാട് നടത്തിയിരിക്കുന്നത്. ഈ സാമ്പത്തിക വർഷം രണ്ടാം പാദത്തോടെ ഇടപാടുകൾ പൂർത്തിയാക്കുമെന്നും ഇൻഫോസിസ് റെഗുലേറ്ററി ഫയലിങ്ങിൽ അറിയിച്ചു.

## തക്കാളിക്ക് ഒറ്റ ദിവസം കൊണ്ട് കിലോയ്ക്ക് 115 രൂപ



**മൂവാറ്റുപുഴ:** ഏകദിനത്തിൽ സെഞ്ചറി അടിച്ച് തക്കാളി. ഒറ്റ ദിവസം കൊണ്ട് കിലോഗ്രാമിന് 60ൽ നിന്ന് 115 രൂപ വരെയായി തക്കാളി വില ഉയർന്നതോടെ ചുവന്നു തുടുത്ത തക്കാളി കാണുമ്പോൾ കണ്ണു നിറയുന്ന സ്ഥിതിയായി. ചില്ലറ വില 120 മുതൽ 125 വരെയായി ഉയർന്നേക്കുമെന്നാണു സൂചന. കഴിഞ്ഞ ദിവസം 60 മുതൽ 70 രൂപ വരെയായിരുന്നു തക്കാളിയുടെ മൊത്ത വില. ഇതാണ് ഒറ്റ ദിവസം കൊണ്ട് 100 കടന്നു കുതിക്കുന്നത്.

ആന്ധ്രയിലെ കുർണൂൽ, ചിറ്റൂർ, വിജയവാഡ എന്നിവിടങ്ങളിൽ തക്കാളിയുടെ ചില്ലറ വിൽപന കിലോഗ്രാമിനു 100 രൂപയായി. ഇവിടങ്ങളിൽ നിന്നാണു കേരളത്തിലേക്കു കൂടുതൽ തക്കാളി എത്തുന്നത്. മൊത്തവ്യാപാര വിപണികളിലേക്കു വരവു കുറഞ്ഞതാണ് വിലയിൽ അസാധാരണ വർധന സൃഷ്ടിച്ചത്. പാത്തിക്കൊണ്ടയിലെ ഏറ്റവും വലിയ തക്കാളി മൊത്തവ്യാപാര മാർക്കറ്റിൽ പോലും ഏതാനും ദിവസങ്ങളായി തക്കാളി എത്തുന്നില്ലെന്ന് മൊത്തവ്യാപാരികൾ പറഞ്ഞു.

വിളവു കുറഞ്ഞതും മഴപ്പേടിയിൽ തക്കാളി കർഷകർ ഉൽപാദനം കുറച്ചതും തിരിച്ചടിയായി. ചെന്നൈ, ബെംഗളൂരു എന്നിവിടങ്ങളിൽ നിന്നു തക്കാളി എത്തുന്നതും ഗണ്യമായി കുറഞ്ഞു. കഴിഞ്ഞ വർഷം ഇതേ സമയം തക്കാളിക്ക് 50 രൂപയായിരുന്നു വില. വില ഉടനൊന്നും കുറയാൻ സാധ്യതയില്ലെന്നാണു വ്യാപാരികൾ നൽകുന്ന സൂചന.

### മുളകിനും ജീരകത്തിനും ആവശ്യക്കാരേറെ; കയറ്റുമതി വരുമാനം കൂടി

**കൊച്ചി:** മുളകിന്റെയും ജീരകത്തിന്റെയും കരുത്തിലേറി ഏപ്രിൽ മേയ് കാലയളവിൽ ഇന്ത്യ നേടിയതു 6702.52 കോടി രൂപയുടെ വിദേശനാണ്യം. കയറ്റുമതി വരുമാനത്തിന്റെ പകുതിയിലേറെയും സമ്മാനിച്ചതു മുളകും ജീരകവുമാണ്. മുൻ വർഷം ഇതേ കാലയളവിൽ 4746.85 കോടി രൂപയായിരുന്നു കയറ്റുമതി വരുമാനം; 41% വർധന.

ആഭ്യന്തര വിപണിയിൽ സുഗന്ധ വ്യഞ്ജനങ്ങൾക്കു വില വർധിച്ചതും സാമ്പത്തിക പ്രതിസന്ധി മൂലം ചില വിദേശ രാജ്യങ്ങളിൽ നിന്നുള്ള ആവശ്യം കുറഞ്ഞതും പ്രതിസന്ധിയായെങ്കിലും അവയെല്ലാം മറികടന്നാണു മികച്ച കയറ്റുമതി നേടാൻ കഴിഞ്ഞതെന്നു സ്പൈസസ് ബോർഡ് സെക്രട്ടറി ഡി.സത്യൻ പറഞ്ഞു.





# ട്രോളിംഗ് നിരോധനം; കടലിൽ പരിശോധന നടത്തി ജില്ലാ കളക്ടർ

തൃശൂർ: ട്രോളിംഗ് നിരോധനം നിലനിൽക്കുന്ന സാഹചര്യത്തിൽ നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി കടലിലും ഹാർബറിലും ജില്ലാ കലക്ടറുടെ മിന്നൽ പരിശോധന. ഇന്ന് വൈകീട്ട് അഞ്ച് മണിയോടെയാണ് ജില്ലാ കലക്ടർ വി ആർ കൃഷ്ണ തേജയും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും പോലീസും ഉൾപ്പെട്ട സംഘം കടലിൽ പ്രത്യേക പട്രോളിംഗിനിറങ്ങിയത്. ചേറ്റുവ ഹാർബറിൽ നിന്നും പുറപ്പെട്ട സംഘം ഒരു മണിക്കൂറോളം കടലിൽ പരിശോധന നടത്തി.

കടലിൽ മത്സ്യ ബന്ധനം നടത്തുകയായിരുന്ന യാനങ്ങളുടെ രേഖകൾ ജില്ലാ കലക്ടർ നേരിട്ട് പരിശോധിച്ചു. ട്രോളിംഗിന് വിരുദ്ധമായി നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം നടക്കുന്നുണ്ടോയെന്നും നിരോധനമുള്ള യാനങ്ങൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കു ന്നുണ്ടോ എന്നും പരിശോധിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്.

പരിശോധനയിൽ നിയമലംഘനങ്ങളൊന്നും കണ്ടെത്തിയില്ല. പട്രോളിംഗ് കഴിഞ്ഞ് തിരിച്ചെത്തിയ ജില്ലാ കലക്ടർ മത്സ്യത്തൊഴിലാളികളുമായി സംസാരിച്ച് അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞ ശേഷമാണ് മടങ്ങിയത്.

സബ് കലക്ടർ മുഹമ്മദ് ഷഫീഖ്, ചാവക്കാട് തഹസിൽദാർ ടി കെ ഷാജി, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ ടി അനിത, അസിസ്റ്റന്റ് ഡയറക്ടർ സുലേഖ എം എൻ, എക്സ്റ്റൻഷൻ ഓഫീസർമാരായ സി അശ്വിൻ രാജ്, യു എം ശ്രുതി മോൾ, അസിസ്റ്റന്റ് ഓഫീസർ ലീന തോമസ്, മറൈൻ എൻഫോസ്മെന്റ് സീനിയർ സിവിൽ പോലീസ് ഓഫീസർ വി എൻ പ്രശാന്ത് കുമാർ തുടങ്ങിയവരും പരിശോധനാ സംഘത്തിലുണ്ടായിരുന്നു.

ജൂൺ 9 അർദ്ധരാത്രി മുതൽ ആരംഭിച്ച ട്രോളിംഗ് നിരോധനം ജൂലൈ 31 അർദ്ധരാത്രി പന്ത്രണ്ട് മണി വരെ തുടരും. ഈ കാലയളവിൽ ട്രോളിംഗ് ബോട്ടുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് കോസ്റ്റൽ പോലിസ് പെട്രോളിങ് ശക്തമാക്കാൻ ജില്ലാ കലക്ടർ നിർദ്ദേശം നൽകി.

ജില്ലയിൽ അഴീക്കോട് ഫിഷറീസ് സ്റ്റേഷനിൽ 24 മണിക്കൂർ പ്രവർത്തനസജ്ജമായ ഫിഷറീസ് കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ കളക്ടറേറ്റ് കൺട്രോൾ റൂമിലും നേവിയുടെ ടോൾഫ്രീ നമ്പറിലും ബന്ധപ്പെടാം. ഫിഷറീസ് ജില്ലാ ഓഫീസ് 0487 2441132, ഫിഷറീസ് കൺട്രോൾ റൂം ഫിഷറീസ് സ്റ്റേഷൻ അഴീക്കോട് 0480 2996090, തൃശൂർ കലക്ട്രേറ്റ് കൺട്രോൾ റൂം 0487 2362424, കോസ്റ്റ് ഗാർഡ് 1093 എന്നിവയാണ് നമ്പറുകൾ.

# പകർച്ചപ്പനി പ്രതിരോധം: കഞ്ഞിക്കുഴിയിൽ മെഗാ ക്ലീനിങ്

**ആലപ്പുഴ:** പകർച്ചപ്പനി പ്രതിരോധത്തിന്റെ ഭാഗമായി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ മെഗാ ക്ലീനിങ് നടത്തുന്നു. കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയാണ് പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ക്ലീനിങ് നടത്തുന്നത്. മെഡിക്കൽ ഓഫീസർ ഡോ. നെജിൽ ഫ്രാൻസിസും ഹെൽത്ത് ഇൻസ്പെക്ടർ ജോബിയുമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.



പഞ്ചായത്തിലെ 18 വാർഡുകളിലും നേരത്തെ തന്നെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിരുന്നെങ്കിലും ജില്ലയിൽ കൂടുതൽ ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് പ്രവർത്തനങ്ങൾ ശക്തമാക്കിയത്. ആരോഗ്യ പ്രവർത്തകരും 360 പേരടങ്ങുന്ന സന്നദ്ധസേവകരും ചേർന്നു ഒരു ദിവസം കൊണ്ട് ഒരു വാർഡ് മുഴുവനും വൃത്തിയാക്കുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇന്നലെ ഒൻപതാം വാർഡിലെ 489 വീടുകൾ ശുചിയാക്കി. ഇവിടെ കൊതുക് വളരാൻ സാധ്യതയുള്ള 573 ഇടങ്ങൾ കണ്ടെത്തി നശിപ്പിച്ചു. നാല് വാർഡുകളിൽ ഇത്തരത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

കഴിഞ്ഞ വർഷങ്ങളിൽ ഡെങ്കിപ്പനി സ്ഥിരീകരിച്ച ഹൈറിസ്ക് വാർഡുകളിലാണ് ആദ്യം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതോടൊപ്പം ക്ഷീരകർഷകർക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും പകർച്ചവ്യാധി പ്രതിരോധ ബോധവത്ക്കരണവും നടത്തുന്നുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ വാർഡുകളിൽ ശുചീകരണം നടത്തും.



# ദിശ 2023 തൊഴിൽമേള: 168 പേരക്ക് ജോലി ലഭിച്ചു

**ആലപ്പുഴ:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എംപ്ലോയബിലിറ്റി സെന്റർ, മാവേലിക്കര ബിഷപ്പ് മൂർ കോളേജ് എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിശ 2023 തൊഴിൽ മേള എം.എസ്.അരുൺ കുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

മേളയിൽ 23 കമ്പനികളും 538 ഉദ്യോഗാർത്ഥികളും പങ്കെടുത്തു.168 പേരെ തിരഞ്ഞെടുത്തു. 244 പേരെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി.

തഴക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷീബ സതീഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് അംഗം ഷീല ടീച്ചർ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സുനിൽ വെട്ടിയാർ, വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിജി പ്രസാദ്, വാർഡ്അംഗം സിന്ധു ബിനു, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ(ഇൻചാർജ്) മഞ്ജു വി നായർ, ബിഷപ്പ് മൂർ കോളേജ് പ്രിൻസിപ്പൽ ഡോ.രഞ്ജിത് മാത്യൂ എബ്രഹാം, മാവേലിക്കര ടൗൺ എംപ്ലോയ്മെൻറ് ഓഫീസർ സീലിയ, ജില്ലാ എംപ്ലോയ്മെന്റ് വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ അമ്പിളി പി. ആർ, ബിഷപ്പ് മൂർ കോളേജ് കരിയർ ഗൈഡൻസ് പ്ലേസ്മെന്റ് ഓഫീസർ രാഹുൽ ജേക്കബ് കുരുവിള എന്നിവർ പങ്കെടുത്തു.

# മത്സ്യബന്ധന യാന പട്ടിക പരിഷ്കരിക്കൽ യജ്ഞം




**തൃശ്ശൂർ:** സംസ്ഥാനത്തെ മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും, അനുവദിക്കുന്ന റിയൽ ക്രാഫ്റ്റ് ലൈസൻസും സോഫ്റ്റ് വെയറിൽ ഡാറ്റ അപ്ഡേറ്റ് ചെയ്യുന്നതിനായി മത്സ്യവകുപ്പ് മത്സ്യബന്ധന യാനങ്ങളുടെ ഭൗതിക പരിശോധന വഴി വിവരശേഖരണം നടത്തുന്നു.

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന യന്ത്രവൽകൃത ബോട്ടുകളും ഇൻബോർഡ് വള്ളങ്ങളും ഭൗതിക പരിശോധന നടത്തി ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ഇത്തരം യാനങ്ങളുടെ യഥാർത്ഥ എണ്ണം റിപ്പോർട്ട് ചെയ്യുന്നതിനാണ് ഈ യജ്ഞം നടപ്പിലാക്കുന്നത്.

ഭൗതിക പരിശോധന യജ്ഞത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ ജൂൺ 26, 27 തീയതികളിൽ അഴീക്കോട് ഹാർബർ കേന്ദ്രീകരിച്ചും ജൂലൈ 3, 4 തീയതികളിൽ ചേറ്റുവ ഹാർബർ, മുനക്കകടവ് ഫിഷ് ലാൻഡിങ്ങ് സെന്റർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചും പരിശോധന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 3.00 വരെയാണ് പരിശോധന.

ഓരോ സേവന കേന്ദ്രത്തോട് അനുബന്ധിച്ചും ഒരു മത്സ്യബന്ധന യാന സേവന കേന്ദ്രം (കൗണ്ടർ) ഉണ്ടായിരിക്കുന്നതാണ്. ഈ യജ്ഞവുമായി ബന്ധപ്പെട്ട സംശയനിവാരണങ്ങൾക്കും, അപേക്ഷ നൽകുന്നതിനും ഈ കേന്ദ്രം സഹായിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ ഉടമകളുടെ യാനം അന്യ ജില്ലകളിൽ നിലവിൽ ഉണ്ടെങ്കിൽ, ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർക്ക് മുൻകൂട്ടി അപേക്ഷ നൽകുകയും, അത്തരം യാനങ്ങൾ അതാത് ജില്ലകളിൽ തന്നെ പരിശോധിക്കുന്നതിനായി സൗകര്യം ചെയ്യുന്നതുമാണ്.

കേരളത്തിൽ രജിസ്റ്റർ ചെയ്ത എല്ലാ യന്ത്രവൽകൃത ബോട്ടുകളും, ഇൻബോർഡ് വള്ളങ്ങളും ഭൗതിക പരിശോധനയ്ക്കായി നിശ്ചിത തീയതിയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. ട്രോളിംഗ് നിരോധന നിർദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ആയിരിക്കണം ബോട്ടുകൾ ഹാജരാക്കേണ്ടത്. യാതൊരു കാരണവശാലും പരിശോധനയുടെ പേരിൽ യാനം കടലിലൂടെ സഞ്ചരിക്കാൻ പാടുള്ളതല്ല.

നശിച്ചു പോയതോ വിറ്റു പോയതോ ആയ യാനങ്ങളുടെ വിവരങ്ങൾ പരിശോധന കേന്ദ്രങ്ങളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

# ബോഗികളിൽ വെള്ളം നിറയ്ക്കുന്ന പദ്ധതി കല്ലടയാറ്റിൽ നിന്ന് ശുദ്ധജലം ശേഖരിക്കും; നിർമാണം അന്തിമഘട്ടത്തിൽ



**പുനലൂർ:** കല്ലടയാറ്റിൽ നിന്ന് ശുദ്ധജലം ശേഖരിച്ച് റെയിൽവേ സ്റ്റേഷനിൽ എത്തിച്ച് ട്രെയിനിലെ ബോഗികളിൽ വെള്ളം നിറയ്ക്കുന്ന പദ്ധതിയുടെ നിർമാണം അന്തിമഘട്ടത്തിൽ. ഓഗസ്റ്റിൽ പദ്ധതി കമ്മിഷൻ ചെയ്യുമെന്ന് അറിയുന്നു. കൊല്ലംചെന്നൈ പാതയിൽ കൊല്ലം കഴിഞ്ഞാൽ കേരളത്തിന്റെ ഭാഗത്ത് ട്രെയിനിന്റെ ബോഗികളിൽ വെള്ളം നിറയ്ക്കാൻ സൗകര്യമുള്ള സ്ഥലമായി ഇതോടെ പുനലൂർ റെയിൽവേ സ്റ്റേഷൻ മാറും. !

ഈ പദ്ധതിയുടെ ഭാഗമായി റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ് ഫോമിന്റെ വശത്ത് ഹൈഡ്രന്റ് നേരത്തെ സ്ഥാപിച്ചു. ട്രെയിനുകളിൽ വെള്ളം നിറയ്ക്കുന്നതിനായുള്ള ക്യാരേജ് വാട്ടർവേയുടെ നിർമാണം അവസാനഘട്ടത്തിലാണ്. ഇനി ഇലക്ട്രിക്കൽ ജോലികൾ മാത്രമാണ് അവശേഷിക്കുന്നത്. റെയിൽവേ സ്റ്റേഷന് അടുത്തുള്ള ഗ്രൗണ്ട് ലെവൽ ടാങ്കിൽ എത്തിക്കും. അവിടെ നിന്ന് ഓവർ ഹെഡ് ടാങ്കിൽ എത്തിക്കുന്ന വെള്ളം ട്രാക്കുകളുടെ അടുത്തായി സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈനുകളിൽ എത്തിക്കുന്നതാണ് പദ്ധതി. 1.75 കോടി രൂപയുടെ പദ്ധതിയാണിത്.

ഈ പാതയിൽ ട്രെയിൻ മറ്റ് സ്റ്റേഷനുകളിൽ ദീർഘനേരം പിടിച്ചിടുന്ന ദുരിതത്തിന് അറുതിയാകുന്ന പദ്ധതിയാണിത്. എൻ.കെ.പ്രേമചന്ദ്രൻ എംപി ആവശ്യപ്പെട്ടതനുസരിച്ച് ദക്ഷിണ റെയിൽവേ ജനറൽ മാനേജരുടെ പ്രത്യേക നിർദേശപ്രകാരമാണ് പുനലൂരിൽ പദ്ധതി നടപ്പാക്കുന്നത്. നിലവിൽ കൊല്ലംചെങ്കോട്ട പാതയിൽ ഓടുന്ന ട്രെയിനുകളിൽ കൊല്ലം, നാഗർകോവിൽ സ്റ്റേഷനുകളിൽ നിന്നാണ് വെള്ളം നിറയ്ക്കുന്നത്. ഇത് വലിയ രീതിയിൽ സമയനഷ്ടം വരുത്തുകയും യാത്രക്കാരെ ബുദ്ധിമുട്ടിലാക്കുകയും ചെയ്യുന്നു.

കല്ലടയാറ്റിൽ നിന്ന് സ്റ്റേഷൻ വരെ 1.8 കിലോമീറ്റർ നീളത്തിൽ 100 മില്ലി മീറ്റർ വ്യാസമുള്ള കുഴൽ സ്ഥാപിച്ചാണ് വെള്ളം എത്തിക്കുന്നത്. 3 മാസം മുൻപ് കല്ലടയാറിന്റെ തീരത്ത് പ്രത്യേക തരം കിണർ നിർമിക്കുകയും ഇവിടെ പമ്പ് ഹൗസ് സ്ഥാപിക്കുകയും ചെയ്തിരുന്നു. സ്റ്റേഷനോടു ചേർന്ന് ഒരു ലക്ഷം ലീറ്റർ സംഭരണ ശേഷിയുള്ള ഭൂഗർഭ ടാങ്കിന്റെ നിർമാണം ഉടൻ ആരംഭിക്കും. ഇവിടെത്തന്നെയുള്ള 33,000 ലീറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ടാങ്ക് അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കും.

# സംസ്ഥാനത്തെ ആശുപത്രികളിൽ കോഡ് ഗ്രേ പ്രോട്ടോകോൾ നടപ്പാക്കും: മന്ത്രി വീണാ ജോർജ്

- ആരോഗ്യ പ്രവർത്തകരുടേയും ആശുപത്രികളുടേയും സുരക്ഷിതത്വത്തിന് രാജ്യത്ത് ആദ്യം
- കോഡ് ഗ്രേ പ്രോട്ടോകോൾ യാഥാർഥ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ്, പോലീസ് ഉന്നതതല ശിൽപശാല

**തിരുവനന്തപുരം:** ആരോഗ്യ പ്രവർത്തകരുടേയും ആശുപത്രികളുടേയും സുരക്ഷിതത്വത്തിന് സംസ്ഥാനത്തെ ആശുപത്രികളിൽ കോഡ് ഗ്രേ പ്രോട്ടോകോൾ നടപ്പാക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനും അക്രമമുണ്ടായാൽ പാലിക്കേണ്ടതുമായ നടപടിക്രമങ്ങളാണ് കോഡ് ഗ്രേ പ്രോട്ടോകോൾ എന്നറിയപ്പെടുന്നത്. വികസിത രാജ്യങ്ങളിലുള്ള പ്രോട്ടോകോളുകളുടെ മാതൃകയിലാണ് കേരളത്തിന് അനുയോജ്യമായ രീതിയിൽ കോഡ് ഗ്രേ പ്രോട്ടോകോൾ ആവിഷ്ക്കരിക്കുന്നത്. അതിക്രമം ഉണ്ടാകാതിരിക്കാനും ഉണ്ടായാൽ അത് തടയാനും അതിന് ശേഷം സ്വീകരിക്കേണ്ടതുമായ വിപുലമായ നടപടിക്രമങ്ങളാണ് കോഡ് ഗ്രേ പ്രോട്ടോകോളിലുള്ളതെന്നും മന്ത്രി വ്യക്തമാക്കി. കോഡ് ഗ്രേ പ്രോട്ടോകോൾ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

അതിക്രമങ്ങൾ ചെറുക്കുന്നതിന് എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും ബാധകമാകുന്ന തരത്തിലാണ് പ്രോട്ടോകോൾ തയാറാക്കുന്നത്. ഇതിന്റെ കരട് തയാറാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലേയും പോലീസിലേയും വിദഗ്ധർ പരിശോധിച്ച് കരടിന്മേലുള്ള ചർച്ചയ്ക്ക് വേണ്ടിയാണ് ശിൽപശാല സംഘടിപ്പിച്ചത്.

ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. അതിക്രമങ്ങൾ ചെറുക്കുന്നതിന്റെ ഭാഗമായി 2012ലെ നിയമം ശക്തിപ്പെടുത്തി ഓർഡിനൻസ് ഇറക്കി. ഇതുകൂടാതെയാണ് കോഡ് ഗ്രേ പ്രോട്ടോകോൾ. ഇത് വലിയ രീതിയിൽ അതിക്രമങ്ങളെ തടയുന്നതിനും ആരോഗ്യ പ്രവർത്തകർക്ക് മനോധൈര്യത്തോടുകൂടി ജോലി ചെയ്യുന്നതിനും ഉപകരിക്കും.

ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സാധ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അതാത് ജില്ലകളിലെ ആശുപത്രികളിൽ സേഫ്റ്റി ഓഡിറ്റ് നടത്തിവരുന്നു. ഭൂരിപക്ഷം ആശുപത്രികളിലും സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി. ഓരോ ആശുപത്രിയിലേയും സാഹചര്യം വ്യത്യസ്ഥമായിരിക്കും. അടിസ്ഥാനപരമായി നിന്നുകൊണ്ട് സ്ഥാപന തലത്തിലുള്ള പ്രത്യേകതകൾ കൂടി ഉൾക്കൊള്ളിച്ച് ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഐ.ജി ഹർഷിത അട്ടല്ലൂരി, സിറ്റി പോലീസ് കമ്മീഷണർ സി.എച്ച്. നാഗരാജു, വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ ഖേൽക്കർ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു എന്നിവർ സംസാരിച്ചു.



## പഴകിയ മീനുകൾ വിൽപനയ്ക്കെത്തുന്നു; കേടായ മീൻ വിറ്റാൽ കർശന നടപടി

**തൊടുപുഴ:** ട്രോളിങ് നിരോധനത്തെ തുടർന്നു പഴകിയ മീനുകൾ വൻതോതിൽ വിൽപനയ്ക്ക് എത്തുന്ന സാഹചര്യത്തിൽ പരിശോധന വ്യാപിപ്പിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ്. മത്സ്യം വാങ്ങുന്നവർ നല്ലതാണെന്നു ഉറപ്പു വരുത്തിയേ വാങ്ങാവൂ എന്നും നിർദേശം. കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്ത് വിവിധയിടങ്ങളിൽ നിന്നാണ് ഭക്ഷ്യയോഗ്യമല്ലാത്ത മീനുകൾ പിടികൂടിയത്. ജില്ലയിൽ കലക്ടറുടെ നിർദേശപ്രകാരം ചെറുതോണിയിലും പരിസരങ്ങളിലും കഴിഞ്ഞയാഴ്ച നടത്തിയ പരിശോധനയിൽ പഴക്കം ചെന്ന 27 കിലോയോളം മത്സ്യം പിടിച്ചെടുത്തു നശിപ്പിച്ചിരുന്നു.

രാസമാലിന്യങ്ങൾ കലർന്ന മത്സ്യം വിൽക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കലക്ടർ നിർദേശം നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനയുണ്ടാകും. ജില്ലയിലെ മത്സ്യവിൽപന കേന്ദ്രങ്ങളിൽ വരും ദിവസങ്ങളിൽ പരിശോധന ശക്തമാക്കാനാണു ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ തീരുമാനം. പല കടകളിലും മീനുകൾ ശരിയായ വിധം, ഐസ് ഇടാതെയാണ് വിൽപന നടത്തുന്നതെന്നും ഇതു മീൻ പെട്ടെന്നു കേടാകാൻ കാരണമാകുമെന്നും അധികൃതർ പറയുന്നു. മതിയായ ശീതീകരണ സംവിധാനമില്ലാതെ ദിവസങ്ങളോളം വാഹനത്തിലിരുന്ന് കേടായ മീനും വിപണിയിൽ എത്തുന്നുണ്ട്.

ചൂര, കേര തുടങ്ങിയ മീനുകളാണ് കൂടുതലും പഴകിയ നിലയി!ൽ കണ്ടെത്തിയിട്ടുള്ളത്. നല്ല മീനുകൾക്കൊപ്പം പഴകിയതും കൂട്ടിക്കലർത്തിയാണ് പലയിടങ്ങളിലും വിൽപന. മത്സ്യവിൽപന സ്ഥാപനങ്ങൾ ഒരു കിലോഗ്രാം മീനിൽ ഒരു കിലോ ഐസ് എന്ന തോതിൽ ഇടണം. പഴകിയതോ രാസവസ്തുക്കൾ കലർത്തിയതോ ആയ മീൻ വിൽപന നടത്തുന്നതായി കണ്ടെത്തിയാൽ കർശനനടപടി സ്വീകരിക്കുമെന്നും അധികൃതർ പറഞ്ഞു.

## ലഹരിക്കെതിരെ സമൂഹം അണിനിരക്കണം

**തിരുവനന്തപുരം:** ജില്ലാ ഭരണകൂടത്തിന്റെയും സാമൂഹിക നീതി വകുപ്പിന്റെയും കൊട്ടാരക്കര ആശ്രയ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലഹരി മുക്ത പരിപാടിയായ നശാമുക്ത് ഭാരത് അഭിയാൻ ജില്ലാതല പരിപാടിയുടെ സമാപന യോഗം ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സർക്കാർ തലത്തിൽ ലഹരി വിരുദ്ധ പരിപാടികൾ വിജയകരമായി നടപ്പാക്കി വരികയാണ്. ഭരണകൂടത്തിനൊപ്പം വിദ്യാർഥികളുടെയും യുവജനങ്ങളുടെയും സഹകരണത്തോടെ മാത്രമേ ലഹരി വിമുക്ത സമൂഹം യാഥാർഥ്യമാകൂവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കൊടിക്കുന്നിൽ സുരേഷ് എം പി നിർവഹിച്ചു. ജില്ലാ കലക്ടർ അഫ്സാന പർവീൺ അധ്യക്ഷയായി. വിദ്യാർഥികൾക്ക് ലഹരി വിരുദ്ധ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി എം എൽ സുനിൽ വിശിഷ്ടാതിഥിയായി.

സമാപന യോഗത്തിൽ ആശ്രയ ജനറൽ സെക്രട്ടറി കലയപുരം ജോസ് അധ്യക്ഷനായി.കൊട്ടാരക്കര മുൻസിപ്പൽ ചെയർമാൻ എസ് ആർ രമേശ്, കുമ്മിൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ മധു, ഇട്ടിവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി അമൃത, കരീപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ പി എസ് പ്രശോഭ, തുടങ്ങിയവർ പങ്കെടുത്തു.

## വിമുക്തഭടൻമാരുടെ മക്കൾക്ക് ബ്രൈറ്റ് സ്റ്റുഡന്റ്സ് സ്കോളർഷിപ്പ്

**തിരുവനന്തപുരം:** വിമുക്തഭടന്മാരിൽ നിന്നും 202324 അധ്യയന വർഷത്തേക്കുള്ള ബ്രൈറ്റ് സ്റ്റുഡന്റ്സ് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. 2023 23 വർഷത്തെ വാർഷിക പരീക്ഷയിൽ ആകെ 50 ശതമാനം മാർക്ക് നേടിയ പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വിമുക്തഭടന്മാരുടെ കുട്ടികൾക്ക് വേണ്ടി അപേക്ഷിക്കാം. വിമുക്തഭടന്റെ/ വിധവയുടെ/രക്ഷകർത്താവിന്റെ വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം. പൂരിപ്പിച്ച അപേക്ഷകൾ സെപ്റ്റംബർ 30 നു മുൻപായി ബന്ധപ്പെട്ട ജില്ലാ സൈനികക്ഷേമ ഓഫീസുകളിൽ നൽകണം. അപേക്ഷ ഫോമിനും കൂടുതൽ വിവരങ്ങൾക്കും ജില്ലാ സൈനികക്ഷേമ ഓഫീസുമായി ബന്ധപ്പെടുകയോ സൈനികക്ഷേമ വകുപ്പിന്റെ വെബ്സൈറ്റായ www.sainikwelfarekerala.org ൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ ചെയ്യണം.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** എസ് ആർ സി കമ്മ്യൂണിറ്റി കോളജിന്റെ ആഭിമുഖ്യത്തിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ പ്രിവൻഷൻ ആൻഡ് കൺട്രോളിങ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. ഡോക്ടർമാർ, ഡിപ്ലോമയോ ഡിഗ്രിയോ ഉള്ള നഴ്സിങ്, പാരാമെഡിക്കൽ, അഡ്മിനിസ്ട്രേറ്റീവ് പ്രൊഫഷണൽ എന്നിവർക്ക് അപേക്ഷിക്കാം. അവസാന തീയതി ജൂൺ 30. വിവരങ്ങൾക്ക് വദ്ധേ://മ്യു.ൃരരര.ശി/ൃലഴശലേൃ ഫോൺ: 9048110031, 8075553851.

## കെൽട്രോൺ കോഴ്സ്

**കൊല്ലം:** കെൽട്രോണിന്റെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇ ഗാഡ്ജറ്റ് ടെക്നോളജീസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, വേഡ് പ്രോസസിങ് ആൻഡ് ഡേറ്റാ എൻട്രി കോഴ്സുകളിലേക്ക് അപേക്ഷിക്കാം. വിവരങ്ങൾക്ക്: ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, കൊല്ലം. ഫോൺ: 0474 2731061.

## ഉന്നതി പ്രീറിക്രൂട്ട്മെന്റ് പരിശീലനം ജൂലൈ ഒന്നിന്

**കൊല്ലം:**പട്ടികജാതി വിഭാഗക്കാർക്കായി 'ഉന്നതി' പ്രീറിക്രൂട്ട്മെന്റ് പരിശീലന പദ്ധതിപ്രകാരം സൈനിക, അർധസൈനിക, പോലീസ്, എക്സൈസ് തുടങ്ങിയ സേനാ വിഭാഗങ്ങളിലേക്ക് തൊഴിൽ നേടുന്നതിന് ദ്വിമാസ റസിഡൻഷ്യൽ പരിശീലനം നൽകും. ആരോഗ്യവാന്മാരായ യുവതീ യുവാക്കൾക്ക് അപേക്ഷിക്കാം. പ്രായപരിധി 18 26 വയസ്. യോഗ്യത എസ് എസ് എൽ സി. പ്ലസ് ടുവോ ഉയർന്ന യോഗ്യതകളോ ഉള്ളവർക്ക് മുൻഗണന. പുരഷന്മാർക്ക് 167, വനിതകൾക്ക് 157 സെന്റിമീറ്റർ കുറഞ്ഞത് ഉയരം ഉണ്ടാകണം. കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് പരിശീലന കേന്ദ്രത്തിലാണ് പരിശീലനം. ഭക്ഷണം, താമസം എന്നിവ സൗജന്യം. യോഗ്യത, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ, ആധാർ എന്നിവയുടെ പകർപ്പുകളും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം ജൂലൈ ഒന്നിന് രാവിലെ 11ന് ജില്ലാ പഞ്ചായത്ത് ഹാളിൽ പ്രാഥമിക യോഗ്യത നിർണയത്തിന് എത്തണം. ഫോൺ: 9447469280, 9447546617.



# പച്ചക്കുട : ഞാറ്റുവേല ചന്തയ്ക്ക് തുടക്കമായി

**തൃശൂർ:** പച്ചക്കുട സമഗ്ര കാർഷിക പാരിസ്ഥിതിക വികസന പരിപാടിയുടെ ഭാഗമായി ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തും സംസ്ഥാന കൃഷി വകുപ്പും സംയുക്തമായി നടത്തിയ കാർഷിക വിപണനമേളയ്ക്കും ഞാറ്റുവേലച്ചന്തയ്ക്കും തുടക്കം കുറിച്ചു. കാറളം പഞ്ചായത്തിലെ താണിശ്ശേരി പാലത്തിന് സമീപമുള്ള മേപ്പിൾ വെന്യൂസ് ഹാളിൽ നടന്ന കാർഷികോത്സവത്തിന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു തിരിതെളിയിച്ചു. കാർഷിക മേഖലയ്ക്ക് കരുതൽ നൽകിക്കൊണ്ട് ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിന്റെ സമഗ്ര കാർഷിക പുരോഗതി ലക്ഷ്യമിടുന്ന പദ്ധതിയാണ് പച്ചക്കുട.

കാർഷിക മേഖലയ്ക്ക് ഒരു പ്രാഥമിക ഉൽപാദന മേഖല എന്ന നിലയിൽ ഏറ്റവും പ്രധാനപ്പെട്ട മുൻകരുതലുകൾ സർക്കാർ നൽകിയിട്ടുണ്ട്. കൂടുതൽ കാർഷികോൽപാദനം ഉറപ്പാക്കാൻ സഹായകരമായ പദ്ധതികൾ നടപ്പിലാക്കുകയും ഉൽപാദനത്തിനും സംരംഭത്തിനും വിതരണത്തിനും കർഷകരോടൊപ്പം എല്ലാ തരത്തിലും ഒപ്പം ഉണ്ട്. വാണിജ്യ അടിസ്ഥാനമായ കാഴ്ചപ്പാടോടുകൂടി കൃഷി എന്ന പദത്തിന്റെ ഉദ്ദേശം നടപ്പിലാക്കും എന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിത ബാലൻ അധ്യക്ഷത വഹിച്ചു.തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ലതാ ചന്ദ്രൻ മുഖ്യാതിഥിയായിരുന്നു.

തൈകൾ, വിത്തുകൾ, നടീൽ വസ്തുക്കൾ, കാർഷിക ഉപകരണങ്ങൾ, ഉൽപാദനോപാധികൾ, ജീവാണു വളങ്ങൾ, ജൈവ രാസവളങ്ങൾ, അലങ്കാര സസ്യങ്ങൾ, കുടുംബശ്രീ ഉൽപ്പന്നങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ പ്രദർശനവും വിപണവുമാണ് ഞാറ്റുവേല ചന്തയിൽ ഒരുക്കിയിട്ടുള്ളത്.

കന്നുകാലികളിൽ ചെള്ളുകൾ പടർത്തുന്ന മാരക രോഗങ്ങളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ സെമിനാർ കാറളം വെറ്ററിനറി ഡിസ്പെൻസറി ഡോ. കെ എൽ ജോൺസൺ ക്ലാസ് എടുക്കും.ചാലക്കുടി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എംഎം ജിബിന ശാസ്ത്രീയ മത്സ്യകൃഷി എന്ന വിഷയത്തിൽ സെമിനാർ എടുക്കും.

തുടർന്ന് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായുള്ള ക്വിസ് മത്സരം ഉണ്ടാകും. സമയ കലാഭവൻ കൊറ്റനെല്ലൂർ ടീം നാടൻപാട്ടുകൾ അവതരിപ്പിക്കും.

കാറളം പഞ്ചായത്ത് പ്രസിഡന്റ് സീമ പ്രേംരാജ്, ഇരിങ്ങാലക്കുട കൃഷി അസിസ്റ്റൻറ് ഡയറക്ടർ എസ് മിനി, മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോസ് ജെ ചിറ്റിലപ്പിള്ളി,കാട്ടൂർ പഞ്ചായത്ത് പ്രസിഡന്റ് ടി വി ലത, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മോഹനൻ വലിയാട്ടിൽ, തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ സൈജ ജോസ്, ആത്മ പ്രോജക്ട് ഡയറക്ടർ നീന കെ മേനോൻ, കേരള ഫീഡ്സ് ചെയർമാൻ കെ ശ്രീകുമാർ, കാറളം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് കെ എസ് ബാബു, ബി എഫ് എ സി ആത്മ ഇരിങ്ങാലക്കുട ചെയർമാൻ കെ കെ ഷൈജു തുടങ്ങിയവർ പങ്കെടുത്തു.

# ഹരിപ്പാട് കെഎസ്ആർടിസി ബസ് സ്റ്റേഷൻ 8 വർഷത്തിന് ശേഷം യാത്രക്കാർക്കായി തുറന്നു

**ഹരിപ്പാട്:** ഹരിപ്പാട് കെഎസ്ആർടിസി ബസ് സ്റ്റേഷൻ 8 വർഷത്തിനു ശേഷം യാത്രക്കാർക്കായി തുറന്നു. ഹരിപ്പാട് ബസ് ടെർമിനൽ കം വ്യാപാര സമുച്ചയത്തിന്റെയും പുനർനിർമിച്ച ബസ് സ്റ്റേഷൻ യാർഡിന്റെയും ഉദ്ഘാടനം മന്ത്രി ആന്റണി രാജു നിർവഹിച്ചു. രമേശ് ചെന്നിത്തല എംഎൽഎ അധ്യക്ഷത വഹിച്ചു.

എ.എം.ആരിഫ് എംപി മുഖ്യാതിഥി ആയിരുന്നു. കെഎസ്ആർടിസി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ബിജു പ്രഭാകർ, ഹരിപ്പാട് മുനിസിപ്പൽ ചെയർമാൻ കെ. എം. രാജു, വാർഡ് കൗൺസിലർ പി.എസ്. നോബിൾ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ജോൺ തോമസ്, എ. ശോഭ, ടി.എസ്.താഹ, കെഎസ്ആർടിസി ജോ. മാനേജിങ് ഡയറക്ടർ പ്രമോജ് ശങ്കർ, എക്സിക്യൂട്ടീവ് ഡയറക്ടർ കെ ടി സെബി, ജനറൽ മാനേജർ ആർ. ചന്ദ്രബാബു ട്രേഡ് യൂണിയൻ നേതാവ് ജി.എം.അരുൺകുമാർ എന്നിവർ പ്രസംഗിച്ചു.

കോർപറേഷൻ 6 കോടി രൂപ മുടക്കിയാണ് വ്യാപാര സമുച്ചയം നിർമിച്ചത്.

രമേശ് ചെന്നിത്തല എംഎൽഎയുടെ ആസ്ഥി വികസന ഫണ്ടിൽ നിന്നു ഒരു കോടി രൂപ അനുവദിച്ചതിനെ തുടർന്നാണ് യാർഡ് നിർമാണം പൂർത്തീകരിച്ചത്.

2015ൽ നിലവിലുണ്ടായിരുന്ന പ്രധാന കെട്ടിടം പൊളിച്ച് മാറ്റിയാണ് വ്യാപാര സമുച്ചയ നിർമാണം തുടങ്ങിയത്

## ജോബ് ഫെയർ സംഘടിപ്പിച്ചു

**മലപ്പുറം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ വളാഞ്ചേരി കെ.ആർ സ് ശ്രീ നാരായണ കോളജിൽ ഉന്നതി2023 എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിച്ചു. ഇ.ടി.മുഹമ്മദ് ബഷീർ എം പി ഉദ്ഘാടനം ചെയ്തു. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.ശൈലേഷ്, കെ.ആർ ഗ്രൂപ്പ് മേധാവി എ ബാലൻ, വളാഞ്ചേരി മുനിസിപ്പാലിറ്റി കൗൺസിലർ സയ്യിദ് ഫൈസൽ തങ്ങൾ, പ്രിൻസിപ്പൽ ഡോ. വി.അനിൽ, എംപ്ലോയ്മെന്റ് ഓഫീസർമാരായ സുനിത എസ്.വർമ, പി.ഗീത, എൻ. ഹേമകുമാരി എന്നിവർ പ്രസംഗിച്ചു. 31 കമ്പനികളിലേക്ക് നടന്ന കൂടിക്കാഴ്ചയിൽ 1500ഓളം ഉദ്യോഗാർഥികൾ പങ്കെടുത്തു. 164 പേരെ വിവിധ ഒഴിവുകളിലേക്ക് തിരഞ്ഞെടുത്തതായും 377 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്തതായും കമ്പനികൾ അറിയിച്ചു.

## ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ ആദരിച്ചു

**കണ്ണൂർ:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ വർഷം വിവിധ ഘടകങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ച ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകളെ ജില്ലാ കലക്ടർ ആദരിച്ചു. ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന ചടങ്ങിൽ ഒന്നും രണ്ടും സ്ഥാനം നേടിയ ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ജില്ലാ കലക്ടർ അവാർഡുകൾ സമ്മാനിച്ചു. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒന്നാം സ്ഥാനം പേരാവൂർ, രണ്ടാം സ്ഥാനം ഇരിട്ടി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഒന്നാം സ്ഥാനം പേരാവൂർ, രണ്ടാം സ്ഥാനം കീഴല്ലൂർ ഗ്രാമപഞ്ചായത്ത് എന്നിവർ കരസ്ഥമാക്കി. ജില്ലയിലെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ, പുരസ്കാരർഹരായ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, മറ്റ് ജനപ്രതിനിധികൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ പി സുരേന്ദ്രൻ, തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ ടി ജെ അരുൺ, മറ്റ് ജില്ലാതല ഓഫീസർമാർ, പദ്ധതിയുടെ ഗ്രാമ/ബ്ലോക്ക്തല നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

## ടെൻഡർ

**ഇടുക്കി:** വനിതശിശു വകുപ്പിനു കീഴിൽ പൈനാവ് കേന്ദ്രീയ വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന ജില്ലാതല ഐസിഡിഎസ് സെല്ലിന്റെ ഔദ്യോഗിക ആവശ്യത്തിനായി കരാർ അടിസ്ഥാനത്തിൽ വാഹനം ആവശ്യമുണ്ട് . വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് ടെൻഡറുകൾ നൽകാം. ജൂലൈ 6 ന് 3 മണി വരെ ടെൻഡർ ഫോമുകൾ ലഭിക്കും. അന്നേദിവസം 3.30 ന് ടെൻഡറുകൾ തുറക്കും.

ഫോമുകൾ തൊടുപുഴ ജില്ലാതല ഐസിഡിഎസ് സെല്ലിൽ നിന്നും വാങ്ങാം. പ്രതിമാസം 1500 കി.മീ. ഓട്ടത്തിന് 25000 രൂപയും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററിനും സർക്കാർ നിരക്കിൽ പരമാവധി 500 കിലോമീറ്റർ വരെയും നിശ്ചയിച്ചിട്ടുള്ളതാണ്. കൂടുതൽ വിവരങ്ങൾ ഐസിഡിഎസ് സെല്ലിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാണ്. ഫോൺ: 04862221868.

# മാതൃകാ സമൂഹത്തെ സൃഷ്ടിക്കുന്നതിൽ അധ്യാപകർക്ക് മുഖ്യപങ്ക്: മന്ത്രി കെ രാധാകൃഷ്ണൻ




**കൊച്ചി:** മാതൃകാ സമൂഹത്തെ സൃഷ്ടിക്കുന്നതിൽ അധ്യാപകർ മുഖ്യപങ്ക് വഹിക്കുന്നുണ്ടെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്ക സമുദായക്ഷേമ വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ. കൊച്ചി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന അക്ഷരദീപം സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'ഗുരുദക്ഷിണ' പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.ഏതൊരു വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. അറിവില്ലാത്തവർക്കും സമൂഹത്തിൽ ഒരു സ്ഥാനം നൽകണമെന്നും വിരമിച്ച അധ്യാപകർ മാറിനിൽക്കാതെ പുതിയ ദൗത്യങ്ങൾ ഏറ്റെടുക്കണമെന്നും മന്ത്രി പറഞ്ഞു.കൊച്ചി നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്ന് വിരമിച്ച അധ്യാപകരെയും അനധ്യാപകരെയും ആദരിക്കുന്നതിനായാണ് ഗുരുദക്ഷിണ പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ അക്ഷരദീപം പദ്ധതിയിൽ സമ്മാനാർഹരായ വിവിധ സ്കൂളുകൾക്കുള്ള ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ എന്നിവ വിതരണം ചെയ്തു.തോപ്പുംപടി മറീന കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ കെ.ജെ മാക്സി എം.എൽ.എ അധ്യക്ഷത വഹിച്ചു. കൊച്ചി നഗരസഭ ഡെപ്യൂട്ടി മേയർ കെ.എ അൻസിയ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ ലാൽ, ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് കെ.ഡി പ്രസാദ്, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലീജ തോമസ്, കൗൺസിലർ സോണി കെ ഫ്രാൻസിസ്, ഉപജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി ജി അലക്സാണ്ടർ, റവ. ഫാ. സിജു ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

# യൂസർ ഫീ കൊടുക്കാത്തവർക്ക് നോട്ടീസ് നൽകും നിരോധിത ഫ്ളെക്സ് ബോർഡുകളിലും നടപടി



**കൊച്ചി:** മാലിന്യ ശേഖരണത്തിന് എത്തുന്ന ഹരിത കർമ്മ സേനക്ക് യൂസർ ഫീ കൊടുക്കാത്തവർക്ക് എതിരെ നടപടി സ്വീകരിക്കാൻ തീരുമാനം. മാലിന്യ മുക്തം നവകേരളം രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം ഷഫീഖിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിലാണ് തീരുമാനം.യൂസർ ഫീ നൽകാത്തവർക്ക് നോട്ടീസ് അയക്കുവാൻ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകി. നിരോധിത ഫ്ലെക്സ് ബോർഡ് സ്ഥാപിച്ചവരെ കണ്ടെത്തി പിഴ ചുമത്താനും പ്രോസീക്യൂഷൻ മുതലായ ശക്തമായ നടപടികൾ സ്വീകരിക്കാനും തീരുമാനമായി. യോഗത്തിൽ മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തി. പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾ മെച്ചപ്പെടുത്തുവാൻ ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു.ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനവും 2024 മാർച്ചോടു കൂടി മാലിന്യമുക്തമാക്കുന്നതിനായി ഹ്രസ്വ, ദീർഘകാല പദ്ധതികൾ നടപ്പിലാക്കി വരുകയാണ്. ജൈവ മാലിന്യവും, അജൈവ മാലിന്യവും ഉറവിടത്തിൽ തന്നെ തരം തിരിക്കൽ , അജൈവ മാലിന്യം പൂർണമായ വാതില്പടി ശേഖരണം, ജൈവ മാലിന്യം പൂർണമായും ഉറവിടത്തിൽ തന്നെ സംസ്കരിക്കൽ, മാലിന്യ കൂമ്പാരം ഇല്ലാത്ത പൊതു ഇടങ്ങൾ സൃഷ്ടിക്കൽ, എല്ലാ ജലാശയങ്ങളിലും ഖര മാലിന്യം നീക്കം ചെയ്ത് സുഗമമായ നീരൊഴുക്ക് ഉറപ്പാക്കൽ എന്നീ ലക്ഷ്യങ്ങൾ മൂന്നു ഘട്ട പ്രവർത്തനങ്ങളിലായി കൈവരിക്കുക എന്നതാണ് 'മാലിന്യ മുക്തം നവകേരളം' ക്യാമ്പയിന്റെ ലക്ഷ്യം.തദ്ദേശ സ്വയംഭരണം ഡെപ്യൂട്ടി ഡയറക്റ്റർ കെ.ജെ ജോയ്, അഡിഷണൽ ഡയറക്ടർ ബാബു, ജനകീയാസൂത്രണം ജില്ലാ കോഓർഡിനേറ്റർ ജുബൈരിയ ഐസക്, കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി ഷിബു, കേരള ഖരം മാലിന്യ സംസ്കരണ പദ്ധതി ഡെപ്യൂട്ടി കോഓർഡിനേറ്റർ എം.എസ് ധന്യ, ക്ലീൻ കേരള മാനേജർ ഗ്രീഷ്മ, തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

# വിളർച്ച രോഗ നിയന്ത്രണത്തിലെ ആയുർവേദ സാധ്യതകളുമായി അരുണിമ പരിശീലനം

**കൊച്ചി:**വിളർച്ച രോഗ നിയന്ത്രണത്തിനുള്ള ആയുർവേദ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പദ്ധതിയായ അരുണിമയുടെ ഭാഗമായി ഡോക്ടർമാർക്കുള്ള പരിശീലന പരിപാടി നടന്നു. വിളർച്ചയിൽ നിന്നും വളർച്ചയിലേയ്ക്ക് എന്ന സന്ദേശത്തോടെയുള്ള വിവ എന്ന പദ്ധതിയുടെ ഭാഗമായാണ് അരുണിമ പരിശീലനം നടന്നത്.നാഷണൽ ആയുഷ് മിഷന്റെയും ഭാരതീയ ചികിത്സാ വകുപ്പിന്റെയും നേതൃത്വത്തിൽ നടന്ന പരിപാടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സോണിയ ഇ എ ഉദ്ഘാടനം ചെയ്തു.നാഷണൽ ആയുഷ് മിഷൻ ഡി.പി.എം ഡോ. എം.എസ്. നൗഷാദ് അധ്യക്ഷത വഹിച്ചു. തുരുത്തിക്കര ഗവ. ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ,ഡോ. ടി.ഡി. ദിജി , ഡോ. അഖിൽ മാനുവൽ , ജാസ്മി രാജു എന്നിവർ ക്ലാസ്സിന് നേതൃത്വം നല്കി. എല്ലാ ആയുർവേദാശുപത്രികൾക്കും ഡിസ്പെൻസറികൾക്കും രക്തപരിശോധനയ്ക്കുള്ള ഹീമോഗ്ലോബിനോ മീറ്റർ , ആയുഷ് ഹെൽത് ആന്റ് വെൽനെസ് സെന്ററുകൾക്ക് ലാപ്ടോപ് എന്നിവയുടെ വിതരണവും ചടങ്ങിൽ നിർവ്വഹിച്ചു.വിവ അരുണിമ ജില്ലാ നോഡൽ ഓഫീസർ ഡോ. പി.ആർ. സലിം , ഡോ.ബിന്ദു തോമസ് എന്നിവർ സംസാരിച്ചു.

# കരുതലും കൈത്താങ്ങും അദാലത്ത്: അപേക്ഷകളിൽ തുടർ നടപടി ഉറപ്പാക്കണം



**കൊച്ചി:** കരുതലും കൈത്താങ്ങും അദാലത്തിൽ തുടർ നടപടികൾക്കായി മാറ്റിവച്ച അപേക്ഷകളിലും ലഭിച്ച പുതിയ അപേക്ഷകളിലും പരാതിക്കാരൻ എത്താത്തതിനെ തുടർന്ന് പരിഗണിക്കാത്ത അപേക്ഷകളിലും ദ്രുതഗതിയിൽ നടപടികൾ പൂർത്തിയാക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.കരുതലും കൈത്താങ്ങും അദാലത്തിൽ ലഭിച്ച പരാതികളുടെ തുടർ നടപടികൾ വിലയിരുത്തുന്നതിനായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. അദാലത്തിൽ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനു മുൻഗണന നൽകണം. ജൂലൈ 13ന് മന്ത്രിമാരുടെ നേതൃത്വത്തിൽ നടക്കുന്ന അവലോകന യോഗത്തിന് മുന്നോടിയായി വിവിധ താലൂക്കുതല അദാലത്തുകളിലായി ലഭിച്ച എല്ലാ പരാതികൾക്കും പരിഹാരം കാണണം. പരാതികളിൽ മന്ത്രിമാർ നിർദേശിച്ച നടപടികൾ സ്വീകരിച്ചിട്ടുന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പുവരുത്തണമെന്നും കളക്ടർ പറഞ്ഞു.സെപ്റ്റംബർ 11ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന മേഖലാ അവലോകനം യോഗത്തിന് മുന്നോടിയായി ജില്ല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കത്തൊനും ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

# വെള്ളപ്പൊക്ക മുന്നൊരുക്കം : തദ്ദേശ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കാൻ ഉത്തരവായി

**കൊച്ചി:** മഴക്കാല മുന്നൊരുക്കങ്ങൾക്കുള്ള 2023 ഓറഞ്ച് ബുക്കിലെ നിർദ്ദേശപ്രകാരം ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കാൻ ഉത്തരവായി. ഗ്രാമപഞ്ചായത്തുകളിൽ ഒരു ലക്ഷം രൂപ വീതവും നഗരസഭകളിൽ ര് ലക്ഷം രൂപ വീതവും കോർപ്പറേഷന് അഞ്ച് ലക്ഷം രൂപയും അനുവദിക്കും.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ തുക മഴക്കാല പൂർവ്വ ശുചീകരണങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല. അതാത് തദ്ദേശസ്ഥാപന മേഖലയിൽ ക്യാമ്പുകൾ നടത്താൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിൽ വൈദ്യുതി, ശുചിമുറി, ലൈറ്റ്,ഫാൻ, അടുക്കള, എന്നിവ മെച്ചപ്പെടുത്താൻ മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ഒരുതവണ മാത്രമേ തുകക്ക് അർഹതയുള്ളൂ.ചെലവുകൾ ബന്ധപ്പെട്ട വൗച്ചറുകൾ, ബില്ലുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ അതാത് തദ്ദേശസ്ഥാപനങ്ങളിൽ സൂക്ഷിക്കണം.തുക വിനിയോഗിച്ച ശേഷം തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർക്ക് ലഭ്യമാക്കേതും ജോയിന്റ് ഡയറക്ടർ പരിശോധനയ്ക്ക് ശേഷം കളക്ടറേറ്റിൽ നൽക്കേതുമാണ്. തുക ഈ സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കേതും വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതുമാണെന്നും ജില്ലാ കളക്ടർ അറിയിച്ചു

## ഡ്രൈവർ ഗ്രേഡ് 2 പ്രായോഗിക പരീക്ഷ

**കൊച്ചി:** എക്സൈസ് വകുപ്പിലെ ഗ്രേഡ് 2 (എച്ച്ഡിവി) (കാറ്റഗറി നമ്പർ 405/21, 547/21, 044/22) തസ്തികയുടെ പ്രായോഗിക പരീക്ഷ ജൂലൈ 4, 5, 6, 7 തീയതികളിൽ ഗവ ഐടിഐ ഗ്രൗണ്ട് കളമശേരി, എ.ആർ പോലീസ് പരേഡ് ഗ്രൗണ്ട് കളമശേരി എന്നിവിടങ്ങളിൽ നടത്തും. പ്രായോഗിക പരീക്ഷ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈൽ വഴിയും, എസ്.എം.എസ് മുഖേനയും പ്രത്യേകം അറിയിപ്പ് ഇതിനോടകം നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ പ്രൊഫൈൽ മെസേജ് പരിശോധിച്ച് പരീക്ഷാ കേന്ദ്രങ്ങളിൽ അവരവർക്ക് അനുവദിച്ചിട്ടുള്ള തീയതിയിൽ രാവിലെ 5.30 ന് അഡ്മിഷൻ ടിക്കറ്റ്, ഡ്രൈവിങ് ലൈസൻസ് (ഒറിജിനൽ), ഡ്രൈവിങ് ലൈസൻസ് പർട്ടിക്കുലേഴ്സ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഹാജരാക്കണം. കാറ്റഗറി നമ്പർ 547/21, 044/22 എന്നിവയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ കാറ്റഗറി നമ്പർ 405/21 ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ 547/21, അല്ലെങ്കിൽ 044/22 എന്നിവയ്ക്ക് ലഭ്യമാകുന്ന വേദിയിൽ പങ്കെടുക്കേണ്ടതും എല്ലാ അഡ്മിഷൻ ടിക്കറ്റുകളും ഹാജരാക്കേണ്ടതുമാണ്.




റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ടെക്നോപോളിസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജയകൃഷ്ണൻ നായർ, സെക്രട്ടറി പ്രിൻസ് ഫ്രാൻസീസ് എന്നിവർ

## ഏക ദിന ഫാബ്രിക് പെയിന്റിംഗ് വർക്ഷോപ്

**കൊച്ചി:**സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരിയിൽ സ്ഥിതി ചെയുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വെച്ച് ഏക ദിന ഫാബ്രിക് പെയിന്റിംഗ് വർക്ഷോപ് ജൂലൈ രാം തിയതി നടത്തപ്പെടുന്നു. കലംകാരി, വർളി , മധുബനി തുടങ്ങിയ ഭാരതീയ ഡിസൈനിങ് ഇവിടെ പരിശീലിപ്പിക്കുന്നതാണ്. വിവിധ തരീ വസ്ത്രങ്ങളിൽ ഉപയോഗിക്കാവുന്ന ഡിസൈനുകൾ കൂടി ഉൾപ്പെടുത്തിയിട്ട്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക 9778598336 / 9495219570.For registrations click https://tinyurl.com/mamfw8x5

## അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:**വാസ്തുവിദ്യാ ഗുരുകുലത്തിന്റെ അക്കാദമിക് വിഭാഗം നടത്തുന്ന ദ്വിവത്സര ചുമർചിത്ര ഡിപ്ലോമ കോഴ്സ്, പാരമ്പര്യ വാസ്തു ശാസ്ത്രത്തിൽ ഡിപ്ലോമ 'കറസ്പോൻസ് കോഴ്സ് എന്നി കോഴ്സുകളുടെ പുതിയ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു. www.vasthuvidyagurukulam.com എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അവസാനതീയതി ജൂലൈ 10. കൂടുതൽ വിവരങ്ങൾക്ക്എക്സിക്യൂട്ടീവ് ഡയറക്ടർ,വാസ്തുവിദ്യാ ഗുരുകുലം,ആറന്മുള, പത്തനംതിട്ട പിൻ: 689533 എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ : 04682319740, 9847053294, 9847053293, 9947739442

## ടെൻഡർ ക്ഷണിച്ചു

കൊച്ചി:നെട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് 202324 സാമ്പത്തിക വർഷം ലാബ് റീഏജൻറുകൾ വാങ്ങുന്നതിനായി സ്ഥാപനത്തിൽ നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 11ന് ഉച്ചയ്ക്ക് ഒന്നു വരെ. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസിൽ ല ഭ്യമാണ്. ഫോൺ 04842700010

## അഭിമുഖം മാറ്റി

**കൊച്ചി:**ജൂൺ 29 ന് എറണാകുളം ജനറൽ ആശുപത്രിയിൽ നടത്താനിരുന്ന സ്റ്റാഫ് നഴ്സ്, സെക്യൂരിറ്റി സ്റ്റാഫ് തുടങ്ങിയ ഒഴിവുകളിലേക്കുള്ള അഭിമുഖം അന്നേ ദിവസം ബക്രീദ് പ്രമാണിച്ചു സർക്കാർ പൊതു അവധി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ജൂലൈ നാലിന് രാവിലെ 11 ന് നടത്തുമെന്ന് ആശുപത്രി സൂപ്ര് ഡോ. ഷാഹിർഷാ അറിയിച്ചു.

## സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ ബുധനാഴ്ച പ്രവർത്തിക്കും

**കൊച്ചി:** സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർമാർക്കറ്റുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവ ജൂൺ 28 തുറന്നു പ്രവർത്തിക്കും. പെട്രോൾ ബങ്കുകൾ ഒഴികെയുള്ള സപ്ലൈകോയുടെ എല്ലാ വില്പന ശാലകൾക്കും ജൂൺ 29 അവധി ആയിരിക്കുമെന്ന് മാർക്കറ്റിംഗ് മാനേജർ അറിയിച്ചു.

## അഭിമുഖം മാറ്റി

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ 29 ന് നടത്താനിരുന്ന സ്റ്റാഫ് നേഴ്സ്, സെക്യൂരിറ്റിസ്റ്റാഫ് തുടങ്ങിയ ഒഴിവുകളിലേക്കുള്ള അഭിമുഖം ബക്രീദ് പ്രമാണിച്ചു സർക്കാർ പൊതു അവധി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ) ജൂലൈ 4 രാവിലെ 11 ലേക്ക് മാറ്റിയതായി ആശുപത്രി സൂപ്രണ്ട് ഡോ. ഷാഹിർഷാ അറിയിച്ചു.

# ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കണം




**കൊച്ചി :** ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കണമെന്നും അതുവഴി കള്ളവും ചതിയും നിലനിൽക്കുന്ന സാഹചര്യങ്ങൾക്ക് ഒരു മാറ്റം വേണമെന്ന് എറണാകുളം ഉപഭോക്തൃതർക്കപരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി. ബി. ബിനു അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാഡേർഡ്സ്, കൺസ്യൂമർ വിജിലൻസ് സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ചാവറ കൾച്ചറൽ സെന്ററിൽ ഐ.എസ്.ഐ. മുദ്ര : ഉപഭോക്താക്കൾ അറിയേണ്ടതും അവകാശങ്ങളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാഡേർഡ്സ് ജോയിന്റ് ഡയറക്ടർ സന്ദീപ് എസ്. കുമാർ മുഖ്യപ്രഭാഷണം നടത്തി. എഴുനൂറ്റിഅമ്പതിലധികം ഉൽപ്പന്നങ്ങൾക്ക് നിർബന്ധമായും ഐ.എസ്.ഐ. മുദ്രവേണമെന്നുണ്ട്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാഡേർഡ്സ് നൽകുന്ന ഐ.എസ്.ഐ. മുദ്രയും ഹാൾ മാർക്കിംഗും ഉൽപ്പന്നങ്ങളുടെ സുരക്ഷയും ഗുണനിലവാരവും ഉറപ്പുനൽകുന്നുവെന്ന് സന്ദീപ് എസ്. കുമാർ പറഞ്ഞു. സെന്റ് തെരേസാസ് കോളേജ് അസി.പ്രൊഫസർ സാന്ദ്ര സാബു റ്റി, സെന്റ് ആൽബർട്ട്സ് കോളേജ് കൊമേഴ്സ് വിഭാഗം മേധാവി ഡോ. റോസലന്റ് ഗോൺസാഗ, കൺസ്യൂമർ വിജിലൻസ് സെന്റർ സംസ്ഥാന ജനറൽ സെക്രട്ടറി എ. അയ്യപ്പൻ നായർ, കൺസ്യൂമർ വിജിലൻസ് സെന്റർ എറണാകുളം പ്രസിഡന്റ് ശ്രീകുമാർ ശ്രീമംഗലം, പ്രസന്ന ഗോപാലൻ എന്നിവർ പ്രസംഗിച്ചു. ഉപഭോക്താക്കളുടെ സംശയങ്ങൾക്ക് സന്ദീപ് എസ്.കുമാർ മറുപടി നൽകി.

# കോട്ടുവള്ളി കൃഷിഭവനെ പൊക്കാളി പൈതൃക മ്യൂസിയമാക്കും



**കൊച്ചി:** കോട്ടു വള്ളി കൃഷിഭവനിൽ പൊക്കാളി നെല്ലിന്റെ ചരിത്രവും , പൈതൃകവും ആലേഖനം ചെയ്യുന്ന തരത്തിൽ പൊക്കാളി പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ചുവെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു.'ജലകാർഷികതയുടെ ജീവനം'എന്ന വിത്തുവിത ഉത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൂടാതെ കോട്ടുവള്ളിയെ പൊക്കാളി പൈതൃക ഗ്രാമമാക്കി മാറ്റുവാനുള്ള കൃഷി ഭവന്റെ പരിശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും ജില്ലാ പഞ്ചായത്ത് നൽകും. പൊക്കാളി മ്യൂസിയം സ്ഥാപിക്കുന്നതുവഴി പുതിയ തലമുറയ്ക്ക് പൊക്കാളി നെല്ലിന്റെ മഹത്വവും ,നന്മയും , മേന്മയും തിരിച്ചറിയുവാനും കഴിയും. കഴിഞ്ഞവർഷം ഉൽപ്പാദിപ്പിച്ച പൊക്കാളിനെല്ല് വിറ്റഴിക്കാൻ കഴിയാത്ത കർഷകരിൽ നിന്നും ശേഖരിച്ച് ,സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ജില്ലാതലത്തിൽ വിപണന മേള സംഘടിപ്പിക്കുമെന്നും ഉല്ലാസ് തോമസ് പറഞ്ഞു.ജില്ലാപഞ്ചായത്ത് സംഘടിപ്പിച്ച ജില്ലാതല പൊക്കാളി വിത്തുവിത കൈതാരം പൊക്കാളി പാടശേഖരത്തിൽ നടന്നു.കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ കൈതാരം പൊക്കാളി പാടശേഖരത്തിലെ 20 ഏക്കർ കൃഷിയിടത്തിലാണ് കൂനമ്മാവ് സെന്റ് ജോസഫ് ബോയ്സ് ഹോസ്റ്റലിലെ കുട്ടികളുടെ വിത്ത് വിതയുത്സവം സംഘടിപ്പിച്ചത്.ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹിം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ് ഷാജി , ജില്ലാപഞ്ചായത്തംഗങ്ങളായ ഷാരോൺ പനയ്ക്കൽ,കെ.വി രവീന്ദ്രൻ,എ.എസ് അനിൽകുമാർ,ഏഴിക്കര ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ രതീഷ്, ഗ്രാമപഞ്ചായത്തംഗങ്ങളായ ലതിനസലിം,ലിൻസി വിൻസെന്റ്,സീനു ടീച്ചർ , കൂനമ്മാവ് സെന്റ്.ജോസഫ് ബോയ്സ്ഹോം ഡയറക്റ്റർ ഫാദർ. സംഗീത് ജോസഫ്,കോട്ടുവള്ളി കൃഷിഓഫീസർ അതുൽ.ബി.മണപ്പാടൻ , കൃഷി അസിസ്റ്റന്റ് എസ്.കെ ഷിനു, കാർഷിക വികസന സമിതി അംഗങ്ങളായ എൻ.സോമസുന്ദരൻ, വി.ശിവശങ്കരൻ, കെ.ജി രാജീവ്,ലാലു കൈതാരം, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

# ഹ്യുണ്ടായ് ഓവറോൾ സർവീസ് ആൻഡ് പെർഫോമൻസ് അവാർഡ് പിപിഎസ് ഹ്യുണ്ടായ് ഗ്രൂപ്പിന്



കേരളത്തിലെ മികച്ച സേവനത്തിനുള്ള ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡിന്റെ അവാർഡ് ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡ് റീജ്യണൽ മാനേജർ കരൺ കപൂർ പിപിഎസ് ഗ്രൂപ്പിന് സമ്മാനിച്ചപ്പോൾ.ടിപിഎസ്എം ശ്രീരാജ്, ആർപിഎസ്എച്ച് ശ്രീവൽസൻ,പിപിഎസ് തിരുവനന്തപുരം സർവ്വീസ് മാനേജർ ശ്രീജിത്ത്, കൊച്ചി മാനേജർ ജിബു,ആലപ്പുഴ സർവ്വീസ് മാനേജർ പ്രതീഷ് കുമാർ,കോഴിക്കോട് സർവ്വീസ് മാനേജർ അതുൽ ആർ.കൃഷ്ണൻ,ഇസഡ് പി എസ് എച്ച് സാഹെബ്രാവു എം ദേശായി എന്നിവർ

**കൊച്ചി:** കേരളത്തിലെ മികച്ച സേവനം, കസ്റ്റമർ കെയർ പെർഫോമൻസ്, ഫെസിലിറ്റി മാനേജ്മെന്റ് എന്നിവയ്ക്കായുള്ള ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡ് അവാർഡ് പിപിഎസ് ഹ്യൂണ്ടായ് ഗ്രൂപ്പ് നേടി. സർവീസ് ഓപ്പറേഷൻസ്, കസ്റ്റമർ കെയർ, ഫെസിലിറ്റി മാനേജ്മെന്റ് എന്നിവയിൽ മികവ് പുലർത്തിയതിനുള്ള അവാർഡ് പിപിഎസ് ഹ്യുണ്ടായ് ഗ്രൂപ്പിന്റെ കൊച്ചി, തിരുവനന്തപുരം, ആലപ്പുഴ ഡീലർ വർക്ക് ഷോപ്പുകളും സ്വന്തമാക്കി.ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡ് സംഘടിപ്പിച്ച റീജ്യണൽ സർവ്വീസ് കോൺഫ്രൻസിൽ വെച്ച് പിപിഎസ് ഹ്യൂണ്ടായ് ഗ്രൂപ്പ് അവാർഡുകൾ ഏറ്റുവാങ്ങി

# നവീന ആശയങ്ങൾക്ക് തുടക്കം കുറിച്ച് ആർപിജി ഗ്രൂപ്പ്

**കൊച്ചി:** എൽജിബിടിക്യൂഐഎ പ്ലസ് വിഭാഗങ്ങളുടേയും മറ്റു ജീവനക്കാരുടേയും ക്ഷേമത്തിനായുള്ള നവീന ആശയങ്ങൾക്ക് ആർപിജി ഗ്രൂപ്പ് തുടക്കം കുറിച്ചു. ജീവനക്കാർ നേരിടുന്ന ഏതെങ്കിലും വിധത്തിലുള്ള പീഡനങ്ങൾക്ക് എതിരെ തങ്ങളുടെ ശബ്ദം ഉയർത്താനായി എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ആർ ഷീൽഡ് എന്ന ഹെൽപ് ലൈനും സ്ഥാപനം അവതരിപ്പിച്ചിട്ടുണ്ട്. ജീവനക്കാരുടേയും കുടുംബാംഗങ്ങളുടേയും ക്ഷേമത്തിനായുള്ള നിരവധി നടപടികളിലാണ് ആർപിജി ഗ്രൂപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.വൈവിധ്യങ്ങളെ ഉൾക്കൊള്ളുക എന്നത് വെറും തെരഞ്ഞെടുപ്പു മാത്രമല്ല, അതൊരു ചുമതല കൂടിയാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ആർപിജി ഗ്രൂപ്പ് ചെയർമാൻ ഹർഷ് ഗോയങ്ക പറഞ്ഞു. സ്നേഹം, സ്വീകാര്യത, തുല്യത തുടങ്ങിയവയോടു കൂടിയ ഒരു ലോകം സൃഷ്ടിക്കാൻ കൂട്ടായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.ജീവനക്കാരെയും അവരുടെ പങ്കാളികളെയും അവരുടെ ലൈംഗിക സവിശേഷതകളൊ വൈവാഹിക നിലയോ കണക്കിലെടുക്കാതെ തുല്യമായി പരിഗണിക്കുന്ന രീതിയാണ് ഗ്രൂപ്പിനുള്ളത്. ജീവിത പങ്കാളി അല്ലെങ്കിൽ അതിനു തുല്യമായ സ്ഥാനം അവർക്കു നൽകും. ഇതിനു പുറമെ ജീവനക്കാരുടെ പങ്കാളികളുടെ നിയമപരമായി ദത്തെടുത്ത കുട്ടികളെ ആശ്രിതരായി കണക്കാക്കുകയും ചെയ്യും. അവർക്ക് മുഴുവൻ കുടുംബത്തിൻറേയും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യും.എൽജിബിടിക്യുഐഎ പ്ലസ് വിഭാഗത്തെ മുഖ്യധാരയിൽ ഉൾപ്പെടുത്താനുള്ള ആർപിജി ഗ്രൂപ്പിൻറെ പ്രതിബദ്ധത ഈ നയങ്ങൾക്കും ഉപരിയായുള്ളതാണ്. ഗ്രൂപ്പിൻറെ ഫാക്ടറികളിലും ഓഫിസുകളിലും ട്രാൻസ്ജെൻറർ വിഭാഗത്തിലുള്ളവരെ നിയോഗിക്കുന്നത് 2022ൽ ആരംഭിച്ചതാണ്.എല്ലാവരേയും ഉൾപ്പെടുത്തിയുള്ളതും സുരക്ഷിതമായതും സന്തോഷപൂർണമായതും ആയ രീതിയിലെ ജോലി സാഹചര്യങ്ങൾ ഉറപ്പാക്കാൻ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് ഗ്രൂപ്പിൻറെ എച്ച്ആർ വിഭാഗം പ്രസിഡൻറ് എസ് വെങ്കി വെങ്കിടേശ് പറഞ്ഞു. മാനസികവും ശാരീരികവുമായി ക്ഷേമത്തിനു തങ്ങൾ തുല്യ പ്രാധാന്യമാണു നൽകുന്നത്. തങ്ങളുടെ മുഴുവൻ സമയ ഹെൽപ് ലൈൻ ആയ ആർ ഷീൽഡ് അവർക്ക് ശബ്ദവും പിന്തുണയുമാണു നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.ജീവനക്കാരുടെ മാനസിക ക്ഷേമത്തിന് വലിയ പ്രാധാന്യം നൽകിക്കൊണ്ട്, എല്ലാ ആർപിജി ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാനസികാരോഗ്യ പ്രാക്ടീഷണർമാരുടെ സൗജന്യ സേവനം ലഭ്യമാക്കുന്നതിന് ഗ്രൂപ്പ് ജൂണോ ക്ലിനിക്കുമായി കൈകോർത്തിട്ടുണ്ട്.

# കെ.എസ്.ആർ.ടി.സി കൊറിയർ ആന്റ് ലോജിസ്റ്റിക് മൂവാറ്റുപുഴയിൽ പ്രവർത്തനമാരംഭിച്ചു

**കൊച്ചി:**കെ.എസ്.ആർ.ടി.സി ബസുകളിലൂടെ ചരക്ക് നീക്കം സാധ്യമാക്കുന്ന കൊറിയർ ആൻഡ് ലോജിസ്റ്റിക് സംവിധാനം മൂവാറ്റുപുഴ ഡിപ്പോയിലും പ്രവർത്തനം ആരംഭിച്ചു. നവീനവും വൈവിധ്യവുമായി പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായയാണ് കെ. എസ്. ആർ. ടി. സി. ബസുകളിലൂടെ ചരക്ക് നീക്കം നടത്തുന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചത്. പദ്ധതിയുടെ ഉദ്ഘാടനം മാത്യു കുഴൽനാടൻ എം.എൽ.എ. നിർവഹിച്ചു.കേരളത്തിനകത്തും പുറത്തും കെ. എസ്. ആർ. ടി. സി. ബസിലൂടെ നേരിട്ട് കൊറിയർ എത്തിക്കുന്നതാണ് പദ്ധതി. കേരളത്തിലെവിടെയും 16 മണിക്കൂറിനുള്ളിൽ സാധനങ്ങൾ എത്തിക്കാനാകും. ഡിപ്പോകളിൽ നിന്ന് ഡിപ്പോകളിലേക്കാണ് കൊറിയർ സർവീസ് നടത്തുക.ചടങ്ങിൽ ഡിപ്പോ എഞ്ചിനിയർ വിനോദ് ബേബി അധ്യക്ഷത വഹിച്ചു. മുനിസിപ്പൽ ചെയർമാൻ പി പി എൽദോസ്, വാർഡ് കൗൺസിലർ ജോസ് കുര്യാക്കോസ്, ജനറൽ കൺട്രോളിങ് ഇൻസ്പെക്ടർ എം.എ. സജീവൻ എന്നിവർ പങ്കെടുത്തു.

# സി . വി പാപ്പച്ചൻ പുരസ്ക്കാരം അഞ്ജന ഉണ്ണികൃഷ്ണന്



**കൊച്ചി:** എറണാകുളം പ്രസ് ക്ലബ്ബിന്റെ 2022ലെ സി.വി.പാപ്പച്ചൻ പുരസ്കാരം മാതൃഭൂമി കോഴിക്കോട് യൂണിറ്റിലെ സബ് എഡിറ്റർ അഞ്ജന ഉണ്ണികൃഷ്ണന്.20,001 രൂപയും പ്രശസ്തിപത്രവുമാണു പുരസ്കാരം. പഠനം ലക്ഷ്യമാക്കി യുവതലമുറ വിദേശ രാജ്യങ്ങളിലേക്കു ചേക്കേറുന്നതിന്റെ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്ത 'അക്കരപ്പച്ച തേടി യുവ കേരളം' എന്ന പരമ്പരയാണ് അഞ്ജനയെ പുരസ്കാരാർഹയാക്കിയത്.2022 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച, വിദ്യാർത്ഥി ജീവിതം വിഷയമാക്കിയ വാർത്തകളാണു പുരസ്കാരത്തിനായി പരിഗണിച്ചത്.കൊയിലാണ്ടി കാപ്പാട് സ്വദേശിനിയായ അഞ്ജന ഉണ്ണികൃഷ്ണൻ 2017 മുതൽ മാതൃഭൂമി കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററാണ്. മുൻപു കേരളകൗമുദിയിലും പ്രവർത്തിച്ചിരുന്നു. ഭർത്താവ് വയനാട് സ്വദേശി സരുൺ രാജ്.ഇന്ത്യൻ എക്പ്രസ്, ദേശാഭിമാനി എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സി.വി. പാപ്പച്ചൻ 2005 ജൂൺ 27 നാണ് നിര്യാതനായത്. പ്രസ് അക്കാദമി അധ്യാപകൻ കൂടിയായിരുന്ന അദ്ദേഹം എറണാകുളം പ്രസ് ക്ലബ് മുൻ പ്രസിന്റുകൂടിയാണ്.മലയാള മനോരമ അസിസ്റ്റന്റ് എഡിറ്റർ എസ്.ഹരികൃഷ്ണൻ, ദ് ഹിന്ദു സീനിയർ അസിസ്റ്റന്റ് എഡിറ്റർ കെ.എസ്.സുധി, ദേശാഭിമാനി ന്യൂസ് എഡിറ്റർ ആർ.സാംബൻ എന്നിവരായിരുന്നു വിധികർത്താക്കൾ.ജൂലൈ ആദ്യവാരം എറണാകുളം പ്രസ് ക്ലബ്ബിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം വിതരണം ചെയ്യും.

# ഹോണ്ടആക്ടീവ വിൽപ്പന മൂന്നു കോടി കടന്നു



**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ വിൽപ്പനയിൽ ഒന്നാം സ്ഥാനത്തുള്ള സ്കൂട്ടർ ബ്രാൻഡ് ആക്ടീവയുടെ വിൽപ്പന മൂന്നു കോടി കടന്നു കൊണ്ട് ഇന്ത്യൻ ടൂവീലർ വ്യവസായത്തിൽ ചരിത്രം കുറിച്ചു. 2001ൽ വിപണിയിൽ അവതരിപ്പിച്ച ഹോണ്ട ആക്ടീവ 22 വർഷത്തിനുള്ളിൽ മൂന്നു കോടി കടക്കുന്ന ഏക സ്കൂട്ടർ ബ്രാൻഡാണ്. ഈ നേട്ടം ഉപഭോക്താക്കളുടെ മാറ്റമില്ലാത്ത പിന്തുണയെയും വിശ്വാസ്യതയെയും സാക്ഷ്യപ്പെടുത്തുന്നുവെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പ്രസിഡന്റും സിഇഒയും മാനേജിങ് ഡയറക്ടറുമായ സുത്സുമു ഒടാനി പറഞ്ഞു. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഹോണ്ട ആക്ടീവ എന്നും നവീകരിച്ചിട്ടുണ്ടെന്നും ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാഥൂർ പറഞ്ഞു.

# മറൈൻ സ്ട്രക്ചറൽ ഫിറ്റർ കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു

**കൊച്ചി:** മറൈൻ സ്ട്രക്ചറൽ ഫിറ്റർ കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു. 2020, 21, 22 വർഷങ്ങളിൽ ഐടിഐ ഫിറ്റർ, ഷീറ്റ് മെറ്റൽ വെൽഡർ (ചടഢഎ) കോഴ്സുകൾ പൂർത്തിയാക്കിയവർക്കാണ് അപേക്ഷിക്കാം. ആറു മാസമാണ് കോഴ്സ് ദൈർഘ്യം.പരിശീലനത്തിന്റെ ആദ്യ രണ്ട് മാസങ്ങളിൽ തിരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിലും (സെൻട്രൽ പോളിടെക്നിക്ക് കോളേജ് വട്ടിയൂർക്കാവ്, ഗവ. പോളിടെക്നിക്ക് കോളേജ് കളമശ്ശേരി, കേരള ഗവ. പോളിടെക്നിക്ക് കോളേജ് കോഴിക്കോട്) തുടർന്നുള്ള മൂന്നു മാസം കൊച്ചിൻ ഷിപ്യാർഡിലും ആയിരിക്കും പരിശീലനം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കൊച്ചിൻ ഷിപ്യാർഡിൽ ജോലി ലഭിക്കത്തക്ക രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. അസാപ് കേരളയും കൊച്ചിൻ ഷിപ്യാർഡും നൽകുന്ന എൻസിവിഇടി സർട്ടിഫിക്കറ്റും ലഭിക്കും. 30 വയസാണ് പ്രായപരിധി. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പൂർണമായും സ്കോളർഷിപ് നേടാനും അവസരമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അസാപ് കേരള വെബ്സൈറ്റ് www.asapkerala.gov.in സന്ദർശിക്കുക. ഫോൺ: 9495999709, 9495999623

# ചരിത്രത്തിലെ ഉയർന്ന ലാഭത്തിൽ സിയാൽ ; അറ്റാദായം 267 കോടി

**കൊച്ചി:** ഇന്ത്യൻ വ്യോമയാന രംഗത്ത് കോവിഡ് അനന്തര കാലഘട്ടത്തിൽ പുതിയ പാത വെട്ടിത്തുറന്ന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ). 2022-23 ലെ വരവ് ചെലവ് കണക്കിന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിങ്കളാഴ്ച ചേർന്ന ഡയറക്ടർബോർഡ് യോഗം അംഗീകാരം നൽകി. 267.17 കോടി രൂപയാണ് സിയാലിന്റെ അറ്റാദായം. നിക്ഷേപകർക്ക് 35 ശതമാനം റിക്കോർഡ് ലാഭവിഹിതം ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. വിമാനത്താവള കമ്പനിയുടെ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭവും ലാഭവിഹിതവുമാണിത്. രജത ജൂബിലി വർഷത്തിൽ സിയാൽ ഗ്രൂപ്പ് ഓഫ് കമ്പനികളുടെ മൊത്ത വരുമാനം 1000 കോടി രൂപയാക്കി ഉയർത്താനുള്ള പദ്ധതി നടപ്പിലാക്കാനും ബോർഡ് തീരുമാനിച്ചു.കോവിഡിന്റെ പ്രത്യാഘാതത്തിൽ 202021ൽ 85.10 കോടി രൂപ നഷ്ടമുണ്ടാക്കിയ സിയാൽ കോവിഡാനന്തരം നടപ്പിലാക്കിയ സാമ്പത്തിക/ ഓപ്പറേഷണൽ പുനക്രമീകരണ നടപടികളുടെ ഫലമായി 202122ൽ 22.45 കോടി രൂപ ലാഭം നേടിയിരുന്നു. കോവിഡാനന്തര വർഷത്തിൽ ലാഭം നേടിയ ഇന്ത്യയിലെ ഒരേയൊരു വിമാനത്താവളമായിരുന്നു സിയാൽ. പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ ലക്ഷ്യം കണ്ടുതുടങ്ങിയതോടെ 202122ൽ കമ്പനിയുടെ മൊത്തവരുമാനം 418.69 കോടി രൂപയായി. തിങ്കളാഴ്ച ബോർഡ് അംഗീകരിച്ച കണക്ക് പ്രകാരം 202223ൽ മൊത്തവരുമാനം 770.90 കോടി രൂപയായി ഉയർന്നു. തേയ്മാനച്ചെലവ്, നികുതി, പലിശ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള കണക്കിൽ സിയാൽ നേടിയ പ്രവർത്തന ലാഭം 521.50 കോടി രൂപയാണ്. ഇവയെല്ലാം കിഴിച്ചുള്ള അറ്റാദായം 267.17 കോടി രൂപയും. 202223ൽ സിയാലിലെ യാത്രക്കാരുടെ എണ്ണം 89.29 ലക്ഷമാണ്. 61,232 വിമാനസർവീസുകളും സിയാൽ കൈകാര്യം ചെയ്തു. സിയാലിന്റെ നൂറുശതമാനം ഓഹരിയുള്ള ഉപകമ്പനികളുടേയും സാമ്പത്തിക പ്രകടനം മെച്ചപ്പെട്ടിട്ടുണ്ട്. സെപ്റ്റംബറിൽ അഞ്ച് മെഗാ പദ്ധതികൾക്ക് തുടക്കമിടാനും ഡയറക്ടർബോർഡ് യോഗത്തിൽ തീരുമാനമായി. ടെർമിനൽ3 വികസനത്തിനായുള്ള നിർമാണ പ്രവർത്തനത്തിന് കല്ലിടൽ, പുതിയ കാർഗോ ടെർമിനൽ ഉദ്ഘാടനം, ഗോൾഫ് ടൂറിസം പദ്ധതി, ടെർമിനൽ2ൽ ട്രാൻസിറ്റ് അക്കോമഡേഷൻ നിർമാണോദ്ഘാടനം, ടെർമിനൽ3 ന്റെ മുൻഭാഗത്ത് കൊമേഴ്സ്യൽ സോൺ നിർമാണോദ്ഘാടനം, എന്നിവയാണ് സെപ്റ്റംബറിൽ നിശ്ചയിച്ചിട്ടുള്ളത്. ഇവയിൽ ടെർമിനൽ3 ന്റെ വികസനത്തിന് മാത്രം 500 കോടിയിലധികം രൂപയാണ് കണക്കാക്കപ്പെടുന്നത്.സിയാലിന്റെ നിക്ഷേപകർക്ക് 35 ശതമാനം ലാഭവിഹിതം ഡയറക്ടർബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. ഇതുവരെ നൽകിയിട്ടുള്ളതിൽ ഏറ്റവും ഉയർന്ന ലാഭവിഹിതമാണിത്. 2023 സെപ്റ്റംബർ 28 ന് നടക്കുന്ന ഓഹരിയുടമകളുടെ വാർഷിക പൊതുയോഗ തീരുമാനത്തിന് വിധേയമാണിത്. 25 രാജ്യങ്ങളിൽ നിന്നായി 22,000 നിക്ഷേപകരാണ് സിയാലിനുള്ളത്. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരും ഡയറക്ടർമാരുമായ പി.രാജീവ്, കെ.രാജൻ, ഡയറക്ടർമാരായ ചീഫ് സെക്രട്ടറി വി.പി.ജോയി, ഇ.കെ.ഭരത് ഭൂഷൻ, എം.എ.യൂസഫ് അലി, ഇ.എം.ബാബു, എൻ.വി.ജോർജ്, പി.മുഹമ്മദലി, മാനേജിങ് ഡയറക്ടർ എസ്.സുഹാസ്, കമ്പനി സെക്രട്ടറി സജി.കെ.ജോർജ് എന്നിവർ പങ്കെടുത്തു.

## ചീഫ് പ്ലാനർ (ഹൗസിംഗ്) ഡെപ്യൂട്ടേഷൻ നിയമനം

**തിരുവനന്തപുരം:** ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചീഫ് പ്ലാനർ (ഹൗസിംഗ്) തസ്തിക ഒഴിവുണ്ട്. മതിയായ യോഗ്യതയുള്ള സർക്കാർ സർവീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാം. യോഗ്യത: സിവിൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചറിൽ ഡിഗ്രി. ടൗൺ ആൻഡ് കൺട്രി പ്ലാനിംഗിൽ ബിരുദാനന്തര ബിരുദം/ഡിപ്ലോമ അല്ലെങ്കിൽ എം.ബി.എ (അഡ്മിനിസ്ട്രേഷൻ/ഹ്യൂമൻ റിസോഴ്സസ്). ചുരുങ്ങിയത് രണ്ട് വർഷമെങ്കിലുമായി പി ഡബ്ല്യു ഡി വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായി ജോലി പരിചയം അല്ലെങ്കിൽ ടൗൺ പ്ലാനിംഗ് വകുപ്പിൽ സീനിയർ ടൗൺ പ്ലാനറായുള്ള അനുഭവസമ്പത്ത് അല്ലെങ്കിൽ സർക്കാർ എഞ്ചിനീയറിംഗ് കോളജിൽ പ്രൊഫസർ ആയുള്ള ജോലി പരിചയം അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ വകുപ്പിലോ പൊതുമേഖലാ സ്ഥാപനത്തിലോ സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് തസ്തികകളിലെ ജോലി പരിചയം. നഗര /പ്രാദേശിക ആസൂത്രണ രംഗത്തെ പ്രവൃത്തി പരിചയം. ഹൗസിംഗ്/നഗര/ഗ്രാമീണ വികസനത്തിൽ ടെക്നിക്കൽ പേപ്പറുകൾ അവതരിപ്പിച്ചത് അഭിലഷണീയ യോഗ്യതയാണ്.ബയോഡേറ്റയും എൻ.ഒ.സിയും സഹിതം പ്രിൻസിപ്പൽ സെക്രട്ടറി, ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്, അനക്സ് 2, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ജൂലൈ 31നുള്ളിൽ അയയ്ക്കണം. **housingdeptsect@gmail.com** എന്ന ഇമെയിലിലേക്കും അയയ്ക്കാം.

# ക്രൂയിസ് യാത്രകൾ അവതരിപ്പിച്ച് കോസ്റ്റ




**കൊച്ചി:** ഇന്ത്യയ്ക്ക് മാത്രമായി ഒരു പുതിയ ക്രൂയിസ് പ്രോഗ്രാം അവതരിപ്പിച്ച് കോസ്റ്റ ക്രൂയിസ്. രണ്ട്, മൂന്ന്, അഞ്ച് എന്നിങ്ങനെ ദിവസങ്ങളായി നീണ്ടുനിൽക്കുന്ന ക്രൂയിസ് യാത്രാ പാക്കേജുകളിൽ കൊച്ചിക്ക് പുറമെ മുംബൈ,ഗോവ, ലക്ഷദ്വീപ് എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023 നവംബർ 4 മുതൽ 2024 ജനുവരി 1 വരെയുള്ള യാത്രയിൽ 23 പുതിയ ക്രൂയിസുകളാണുള്ളത്.കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ, കോസ്റ്റ ക്രൂയിസ് സീനിയർ വൈസ് പ്രസിഡന്റും ചീഫ് കൊമേഴ്സ്യൽ ഓഫീസറുമായ റോബർട്ടോ ആൽബർട്ടി, കോസ്റ്റ ക്രൂയിസ് ഏഷ്യ റീജിയൺ ആൻഡ് ഗ്രോത്ത് മാർക്കറ്റ്സ് ഡയറക്ടർ ഫ്രാൻസെസ്കോ റാഫ, മുംബൈയിലെ ഇറ്റലി കോൺസൽ ജനറൽ അലസ്സാൻഡ്രോ ഡി മാസിയും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ മുംബൈയിൽ വെച്ചായിരുന്നു ഈ പ്രഖ്യാപനം.കോസ്റ്റ സെറീനയാണ് ഇന്ത്യയ്ക്കായി ഇറ്റാലിയൻ കമ്പനി തിരഞ്ഞെടുത്ത കപ്പൽ. 1500 ക്യാബിനുകൾ, 505 സ്വകാര്യ ബാൽക്കണി, 14 പാസഞ്ചർ ഡെക്കുകൾ, ഒരു വെൽനസ് സെന്റർ, ജിം, ബ്യൂട്ടി സലൂൺ, തിയേറ്റർ, ഇന്ത്യൻ അന്തർദേശീയ വിഭവങ്ങൾ നൽകുന്ന റെസ്റ്റോറന്റുകൾ, ബാറുകൾ, 4 നീന്തൽക്കുളങ്ങൾ, ഷോപ്പിംഗ് ഏരിയ, കുട്ടികൾക്കും കൗമാരക്കാർക്കുമായി ഒരു കിഡ്സ് ക്ലബ് എന്നിവ കപ്പലിലുണ്ട്.ഇന്ത്യയിൽ ആഭ്യന്തര യാത്രകൾ നടത്തുന്ന ഏറ്റവും വലിയ ക്രൂയിസ് കപ്പലായിരിക്കും കോസ്റ്റ സെറീനയെന്നു കോസ്റ്റ ക്രൂയിസിന്റെ സീനിയർ വൈസ് പ്രസിഡന്റും ചീഫ് കൊമേഴ്സ്യൽ ഓഫീസറുമായ റോബർട്ടോ ആൽബർട്ടി പറഞ്ഞു.

